# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*371** **24.06.2019 ൽ - മറുപടിയ്ക്ക്**

## നവകേരളസൃഷ്ടിയും നവോത്ഥാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) സംസ്ഥാനത്ത് നിലവിൽ ജാതീയ ഉച്ചനീചത്വങ്ങൾ ഉള്ളതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | എ) ജാതീയമായ ഉച്ചനീചത്വങ്ങൾ വലിയ തോതിൽ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത്തരം വിവേചനങ്ങൾക്കെതിരെ സമൂഹത്തിൽ നിരന്തരവും തുടർച്ചയുള്ളതുമായ ഇടപെടലുകൾ ആവശ്യമാണ്. ജാതി-വർണ്ണ-വർഗ്ഗ ഭിന്നതകൾ സൃഷ്ടിക്കാൻ ബോധപൂർവ്വം പരിശ്രമിക്കുന്ന ചില കുൽസിത ശ്രമങ്ങൾ നമ്മുടെ ഇടയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ കേരളീയ സമൂഹം പുലർത്തിവരുന്ന നിതാന്ത ജാഗ്രത മൂലം കേരളത്തിൽ ജാതീയവും സാമുദായികവുമായ സംഘർഷങ്ങളോ ഭിന്നതകളോ സംബന്ധിച്ച് റിപ്പോർട്ടുകളില്ല. |
| ബി) നമുക്ക് ജാതിയില്ലാവിളംബരം, വിവേകാനന്ദസ്പർശം, രക്തസാക്ഷ്യം 2018 എന്നീ പദ്ധതികൾ കൊണ്ട് ജാതീയ ഉച്ചനീചത്വങ്ങൾ കുറയ്ക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | ബി) നമുക്ക് ജാതിയില്ലാവിളംബരം, വിവേകാനന്ദസ്പർശം, രക്തസാക്ഷ്യം 2018 എന്നീ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മാനവികത, മതനിരപേക്ഷത, സാഹോദര്യം, സമത്വബോധം, വിവേചനത്തിനെതിരായ മനോഭാവം ഇത്യാദി നവോത്ഥാന മൂല്യങ്ങൾ പ്രചരിപ്പിക്കുകയാണ് ലക്ഷ്യമിട്ടത്.<br>രാജ്യത്തെ മതേതര മൂല്യങ്ങൾ തകർച്ചയെ നേരിടുകയും, പ്രത്യേക മത വിഭാഗങ്ങൾ കേന്ദ്രീകരിച്ച് രാഷ്ട്രീയാധികാരം നിലനിർത്താൻ ചില ശക്തികൾ പരിശ്രമിക്കുകയും ചെയ്യുന്ന ഈ കാലത്ത് മതേതര മൂല്യങ്ങൾ ചർച്ച ചെയ്യപ്പെടാനുള്ള ശ്രമമെന്ന നിലയിലാണ് നമുക്ക് ജാതിയില്ലാ വിളംബരം, വിവേകാനന്ദസ്പർശം, രക്തസാക്ഷ്യം 2018 തുടങ്ങിയ പരിപാടികളെയെല്ലാം സർക്കാർ കണ്ടത്. |

ചരിത്രത്തെ ഓർമ്മിപ്പിക്കാനുള്ള പരിപാടിയായിട്ടാണ് ഇവ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. നല്ല രീതിയിലുള്ള ചർച്ചയും സംവാദങ്ങളും പ്രസ്തുത പരിപാടികളിലൂടെ ഉയർത്തിക്കൊണ്ട് വരുവാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണ ഗുരുദേവന്റെയും സ്വാമി വിവേകാനന്ദന്റെയും മഹാത്മാ ഗാന്ധിയുടേയും ദീപ്ത സ്മരണ പുതുക്കുക വഴി അവരുടെ ആശയലോകത്തിന്റെ വെളിച്ചം സമൂഹത്തിനു മുൻപിൽ വീണ്ടും എത്തിക്കുവാൻ കഴിഞ്ഞു. സമത്വം, സമഭാവന, സാഹോദര്യം ജനാധിപത്യം തുടങ്ങിയ ഉന്നത മൂല്യങ്ങൾ പ്രചരിപ്പിക്കുക വഴി ജാതീയമായ ഉച്ചനീചത്വ ചിന്തകളെ പ്രതിരോധിക്കാൻ ഉള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സി) പന്തിഭോജനത്തിന്റെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജാതി സംബന്ധമായ ഉച്ചനീചത്വങ്ങൾ പൂർണമായും ഒഴിവാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

സി) ഇന്ന് വ്യത്യസ്ത ജാതിമത വിഭാഗങ്ങളിൽപ്പെട്ടവർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ ഒരു പ്രശ്നവും കേരളത്തിൽ നിലവിലില്ല.

സാമൂഹ്യ പരിഷ്കർത്താവായ ശ്രീ. സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ 100 വർഷങ്ങൾക്കു മുൻപ് നടന്ന പന്തിഭോജനം ജാതി വ്യവസ്ഥയുടെ ഭാഗമായ അയിത്താചരണം തുടങ്ങിയ സാമൂഹ്യ ദുരാചാരങ്ങളെ ഉച്ചാടനം ചെയ്യാൻ സഹായിച്ചിരുന്നു. കേരളത്തിന്റെ പുരോഗമന നവോത്ഥാന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് പന്തിഭോജനം. പന്തിഭോജനത്തിന്റെ 100-ാം വാർഷികാചരണം വഴി തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായും സമത്വം, സാഹോദര്യം, സമഭാവന തുടങ്ങിയ ഉന്നത മൂല്യങ്ങൾ സംബന്ധിച്ചും ആശയ പ്രചാരണം നടത്തുവാൻ സാധിച്ചു. ഇത്തരം പ്രവർത്തനങ്ങളുടെ പ്രസക്തി സമൂഹത്തിൽ ചർച്ച ചെയ്യപ്പെടാനും ഈ പരിപാടി സഹായകമായി.

ഡി) നവകേരളസൃഷ്ടിക്കും നവോത്ഥാനത്തിനുമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

ഡി) സമീപ കാലത്ത് കേരളത്തെ ഗ്രസിച്ച പ്രളയത്തിനു ശേഷമാണ് നവകേരള പുന:സൃഷ്ടി എന്ന ആശയം സർക്കാർ മുന്നോട്ടുവെച്ചത്. കേരളത്തിന്റെ സമഗ്രമായ ഒരു പുന:സൃഷ്ടിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കേവലം റോഡുകളുടെയോ ഭവനങ്ങളുടെയോ ആരോഗ്യരംഗത്തെയോ പുന:സൃഷ്ടി മാത്രമല്ല ഉദ്ദേശിക്കുന്നത് എന്നും ആധുനിക കാലത്തേയ്ക്ക് നമ്മുടെ നാടിനെയും

ജനങ്ങളെയും സജ്ജരാക്കാനുള്ള പ്രവർത്തനത്തിന് എല്ലാ തലങ്ങളിലും ഒരു പുന:സൃഷ്ടി ആവശ്യമായിട്ടുണ്ടെന്നുമാണ് സർക്കാർ കരുതുന്നത്.

ഇ) സംസ്ഥാന പുനഃസൃഷ്ടിക്ക് ശേഷവും കേരളം ഇരുണ്ട യുഗത്തിലാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

എഫ്) ഇല്ലെങ്കിൽ നവകേരളസൃഷ്ടിയും നവോത്ഥാനവും ഇനിയും നടപ്പിലാക്കേണ്ടതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

ഇ)& എഫ്) ജാതീയമായ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും അടിച്ചമർത്തലുകളും നിറഞ്ഞ ഒരു കാലം കേരളത്തിനുണ്ടായിരുന്നു. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച ആ സമൂഹത്തെ സാമൂഹിക നവോത്ഥാന പ്രക്രിയയിലൂടെയാണ് നാം ആധുനിക കേരളമായി പരിവർത്തനം ചെയ്ത് എടുത്തത്.

നവോത്ഥാനനായകർ, പുരോഗമനരാഷ്ട്രീയ, സാമൂഹ്യപ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസ ഉന്നതി, ഗ്രന്ഥശാലാസംഘം പോലുള്ള പ്രസ്ഥാനങ്ങൾ, എഴുത്തുകാരും മറ്റ് കലാസാംസ്കാരിക പ്രവർത്തകരും തുടങ്ങി ഒട്ടേറെ ധാരകളിലായാണ് അത്തരമൊരു നവോത്ഥാന പ്രക്രിയ നടന്നത്.

കേരളം ആർജ്ജിച്ച ഭൗതിക പുരോഗതി കേരളാ മോഡൽ എന്ന നിലയിൽ ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ പുരോഗതി മറ്റിതര സംസ്ഥാനങ്ങൾക്ക് അവകാശപ്പെടാൻ കഴിയാതെ വന്നത് അവിടെ ഇപ്പോഴും നിലവിലുള്ള ജന്മിവാഴ്ചയും, ജാതി-വർഗ്ഗ ഉച്ചനീചത്വങ്ങളും കാരണമാണ്. രാജ്യത്ത് ജാതി മത ചിന്തകൾ ഉയർത്തി ജനങ്ങളെ വിഭജിച്ചും വിശ്വാസങ്ങളെ ദുരുപയോഗപ്പെടുത്തിയും രാഷ്ട്രീയാധികാരം കയ്യാളാമെന്ന് തെളിയിച്ച് കൊണ്ടിരിക്കുന്ന കാലാവസ്ഥയാണ് നിലവിലുള്ളത്. അത്തരമൊരു കാലത്തേയ്ക്ക് നമ്മെ തിരിച്ച് കൊണ്ട് പോകാതെ നാം നേടിയ പുരോഗതി നിലനിർത്തുവാൻ ഫലപ്രദമായ ക്യാമ്പയിനുകൾ ഏറ്റെടുക്കേണ്ടതുണ്ട്.

Indhu

**സെക്ഷൻ ഓഫീസർ**